(സി) ഫാർമേഴ്സ് സർവീസ് സെന്ററുകളിലൂടെ ചുവടെ പരാമർശിക്കുന്ന സഹായങ്ങളാണ് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത്

1. കർഷകർക്ക് ആവശ്യമായ അത്യുല്പാദന ശേഷിയുള്ള വിത്ത്, മികച്ച ഗുണനിലവാരമുള്ള വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക.
2. കാർഷിക മേഖലയിൽ ആധുനിക യന്ത്രവത്കരണം നടപ്പിലാക്കുക, ആയതുവഴി കാർഷികോല്പാദനം വർദ്ധിപ്പിക്കുക.
3. കാർഷിക യന്ത്രോപകരണങ്ങളുടെ സമയബന്ധിതമായ അറ്റകുറ്റപ്പണികൾക്കായി അഗ്രോ മെഷിനറി സർവീസ് സെന്ററുകൾ, അഗ്രോ ഷോപ്പ് എന്നിവ അനുവദിക്കുക വഴി യഥാസമയം യന്ത്രവത്കൃത കാർഷിക സേവനം ലഭ്യമാക്കുക.
4. ആധുനിക കാർഷിക രീതികളിൽ കർഷകർക്കാവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുക.
5. കാർഷിക മേഖലയിൽ സേവന പ്രവർത്തനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുക.
6. ഹൈടെക് കൃഷിരീതികൾ (പോളിഹൗസ്), നഴ്സറികൾ ഇതരനടീൽ വസ്തുക്കൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുക.
7. കാർഷിക ഉല്പന്നങ്ങൾക്ക് മികച്ച വിപണി ഉറപ്പാക്കുക.
8. തരിശുനില കൃഷി ഉൾപ്പെടെ എല്ലാ കാർഷിക പ്രവർത്തനങ്ങൾക്കും മികച്ച സാങ്കേതിക സഹായങ്ങളും, തൊഴിലവസരങ്ങളും സൃഷ്ടിക്കുക.
9. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാത്തരത്തിലുള്ള പ്രവർത്തനങ്ങളും നടത്തുക.

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

88 (434) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചത് എന്നായിരുന്നു എന്ന് അറിയിക്കുമോ ; ഇതുപ്രകാരം എന്നാണ് ശമ്പളപരിഷ്കരണ കാലാവധി അവസാനിച്ചത് ; ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കാലാവധി കഴിഞ്ഞിട്ടും പരിഷ്കരിക്കാത്തത് എന്തുകൊണ്ടാണ്എന്ന് അറിയിക്കുമോ ; ഇവരുടെ ശമ്പള പരിഷ്കരണം അടിയന്തരമായി നടപ്പിലാക്കുമോ ;

(ബി) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം എന്ന് നടപ്പിലാക്കുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചത് 8-12-2009-ലെ സ.ഉ.(കൈ) നമ്പർ 210/2009/സഹ. നമ്പർ ഉത്തരവ് പ്രകാരം 1-4-2007 മുതൽ പ്രാബല്യത്തിലാണ്. ഇത് പ്രകാരം 5 വർഷം പൂർത്തിയാക്കുന്ന 31-3-2012-ൽ ശമ്പള പരിഷ്കരണ കാലാവധി അവസാനിച്ചിട്ടുണ്ട്.

സർക്കാരിന്റെ 15-11-2012-ലെ സ.ഉ.(സാധാ.) നമ്പർ 643/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ജില്ലാ ബാങ്ക് ജീവനക്കാരുടെ ക്ഷാമബത്തയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ നിലനിന്നിരുന്ന റിട്ട് പെറ്റീഷനുകളിന്മേൽ പുറപ്പെടുവിക്കേണ്ടിയിരുന്ന വിധിന്യായവും കൂടി ശമ്പള പരിഷ്കരണ തീരുമാനം കൈക്കൊള്ളുന്നതിന് പരിഗണിക്കേണ്ടിയിരുന്നതിനാലും ജില്ലാ ബാങ്കുകളുടെ നിലവിലുള്ള സാമ്പത്തിക സ്ഥിതി പഠന വിധേയമാക്കേണ്ടതായി വന്നതിനാലുമാണ് ശമ്പള പരിഷ്കരണം വൈകുന്നതിനിടയായത്. ശമ്പളം അടിയന്തരമായി പരിഷ്കരിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ പരിശോധിച്ച് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

കൊച്ചി മെട്രോ പദ്ധതിക്ക് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ

89 (435) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ പദ്ധതിക്ക് എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും എന്തു തുക വായ്പയെടുക്കാൻ തീരുമാനിച്ചിട്ടുണ്ട് ; ഇതിനകം ലഭിച്ച വായ്പ എത്ര ;

(ബി) വായ്പ സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ; വായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) വായ്പ എത്ര വർഷം കൊണ്ട്, എത്ര നിരക്കിലുള്ള പലിശ സഹിതം തിരിച്ച് നൽകുമെന്നും സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിലുണ്ടാകുന്ന ബാധ്യതകൾ എന്തെല്ലാമെന്നും വിശദമാക്കാമോ ?